**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1538** **11-09-2023 - ൽ മറുപടിയ്ക്ക്**

**വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ എൻ .എസ്. ക്യൂ. എഫ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. സിദ്ദിഖ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | എൻ.എസ്.ക്യൂ.എഫ് (നാഷണൽ സ്കിൽ ക്വാളിഫിക്കേഷൻ ഫ്രെയിം വർക്ക് ) വൊക്കേഷണൽ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ആരംഭിച്ചത് എന്നെന്ന് വ്യക്തമാക്കാമോ ; | (എ) | 2018-19 അദ്ധ്യയന വർഷത്തിൽ സംസ്ഥാനത്തെ തെരഞ്ഞെടുത്ത 66 സർക്കാർ വി.എച്ച്.എസ്. സ്കൂളുകളിൽ ദേശീയ നൈപുണ്യ യോഗ്യതാ ചട്ടക്കൂടിന് (എൻ.എസ്.ക്യൂ.എഫ്) അനുസൃണമായ വൊക്കേഷണൽ കോഴ്സുകൾ ആരംഭിക്കുകയുണ്ടായി. |
| (ബി) | എൻ.എസ്.ക്യൂ. എഫിന് മുമ്പുള്ള പാഠ്യ പദ്ധതിയിൽ വൊക്കേഷണൽ അദ്ധ്യാപകർ ഒരു വർഷം എത്ര മണിക്കൂർ ക്ലാസ് എടുത്തിരുന്നു; വ്യക്തമാക്കാമോ; | (ബി) | എൻ.എസ്.ക്യൂ.എഫ്-ന് മുമ്പുള്ള പാഠ്യപദ്ധതിയിൽ വൊക്കേഷണൽ അദ്ധ്യാപകരുടെ ജോലിഭാരം മാസ്റ്റർ ടൈം ടേബിൾ അനുസരിച്ച് ആഴ്ചയിൽ 12 മണിക്കൂർ (പിരീഡ്) (8 മണിക്കൂർ തിയറി പരീഡും 4 മണിക്കൂർ പ്രാക്ടിക്കൽ പീരീഡും) ആണ് ക്ലാസ് എടുത്തിരുന്നത്. സ്കൂൾ സാധ്യായ ദിവസങ്ങളുടെ അടിസ്ഥാനത്തിൽ അദ്ധ്യാപകർ ഒരു വർഷം എടുക്കുന്ന ആകെ പിരീഡുകളുടെ എണ്ണം വ്യത്യസ്തമായിരിക്കും. അന്നത്തെ സിലബസ് അനുസരിച്ച് ഒരു വൊക്കേഷണൽ വിഷയത്തിൽ ഒരു വർഷത്തിൽ 140 മണിക്കൂർ തിയറി പിരീഡും 130 മണിക്കൂർ പ്രാക്ടിക്കൽ പീരീഡും ആണ് ഉണ്ടായിരുന്നത്. |
| (സി) | എൻ. എസ്. ക്യൂ. എഫ്. പാഠ്യ പദ്ധതി അനുസരിച്ച് വൊക്കേഷണൽ അദ്ധ്യാപകർ ഒരു വർഷം എത്ര മണിക്കൂർ ക്ലാസുകൾ എടുക്കണം; വിശദമാക്കാമോ; | (സി) | എൻ.എസ്.ക്യൂ.എഫ് പാഠ്യപദ്ധതി അനുസരിച്ച് വൊക്കേഷണൽ അദ്ധ്യാപകർ ഒരു ആഴ്ചയിൽ 8.5 മണിക്കൂർ (പിരീഡ്) ക്ലാസ്സുകൾ എടുക്കേണ്ടതാണ്. |
| (ഡി) | എൻ.എസ്.ക്യൂ.എഫ് പാഠ്യ പദ്ധതി അനുസരിച്ച് വിവിധ ജോബ് റോളുകൾ പഠിപ്പിക്കുന്നതിനായി അദ്ധ്യാപകർക്ക് വേണ്ട യോഗ്യതകൾ എന്തെല്ലാം; | (ഡി) | എൻ.എസ്.ക്യൂ.എഫ് പാഠ്യപദ്ധതി അനുസരിച്ച് വിവിധ ജോബ് റോളുകൾ പഠിപ്പിക്കുന്നതിനായി അദ്ധ്യാപകർക്ക് വേണ്ട യോഗ്യതകൾ അതതു കോഴ്സുകളിലെ ക്വാളിഫിക്കേഷൻ പായ്ക്കുകളിൽ (QP) വിവക്ഷിച്ചിട്ടുണ്ട്. |
| (ഇ) | നിലവിലെ അദ്ധ്യാപകരിൽ എത്ര പേർ അതിനനുസരിച്ചുള്ള യോഗ്യത നേടിയിട്ടുണ്ട്; വിശദമാക്കാമോ? | (ഇ) | നിലവിലുള്ള അദ്ധ്യാപകർ വി.എച്ച്.എസ്.ഇ വിശേഷാൽ ചട്ടം പ്രകാരം ഉയർന്ന വിദ്യാഭ്യാസ യോഗ്യത ഉള്ളവരാണ്. NSQF കോഴ്സുകളുമായി ബന്ധപ്പെടുത്തി അവരുടെ യോഗ്യത താരതമ്യം ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ